**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - പ്രകൃതിയിൽ നിന്നുമുള്ള കല്ലുമ്മേക്കായ് വിത്ത് ശേഖരണവും വിപണനവും-മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.961/2018/മ.തു.വ** തീയതി,തിരുവനന്തപുരം, 06/12/2018

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 08.11..2018 തീയതിയിലെ സി1/357/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കല്ലുമ്മക്കായ് വിത്ത് ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും നിലവിൽ ഒരു നിയന്ത്രണവും ഇല്ലെന്നും, പ്രകൃതിയിൽ നിന്നും ശേഖരിക്കുന്ന വിത്ത് വളരെ ഉയർന്ന വിലയ്ക്കാണ് ഇടനിലക്കാരിലൂടെ കർഷകരിലേക്ക് എത്തുന്നതെന്നും, കഴിഞ്ഞ രണ്ട് വർഷങ്ങളായി കാസർഗോഡ് ജില്ലയിൽ ഫിഷറീസ് വകുപ്പ് വിത്ത് വിലയിലും മറ്റും നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ചില ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും ഈ മേഖലയിലെ ഏജന്റുമാരെ നിയന്ത്രിക്കാനോ കർഷകർക്ക് ന്യായവിലയ്ക്ക് വിത്തും മറ്റനുബന്ധ സാധന സാമഗ്രികളും എത്തിച്ചു കൊടുക്കുവാനോ ഇതേവരെ സാധിച്ചിട്ടില്ലെന്നും, ഈ സാഹചര്യത്തിൽ പ്രകൃതിദത്തമായി ലഭിക്കുന്ന കല്ലുമ്മക്കായ വിത്ത് ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ കർഷകർക്ക് നൽകുന്നത് ഉചിതമായിരിക്കുമെന്നതിനാൽ, കല്ലുമ്മക്കായ് വിത്ത് ശേഖരണവും വിപണനവും സംബന്ധിച്ച് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.എഫ്.ആർ.ഐ) യുടെ സാങ്കേതിക ഉപദേശത്തോടു കൂടി തയ്യാറാക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശ കത്തു പ്രകാരം, ഫിഷറീസ് ഡയറക്ടർ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കല്ലുമ്മേക്കായ് കൃഷിയുടെ സുസ്ഥിര വികസനത്തിനും പ്രകൃതിയിലുള്ള കല്ലുമ്മേക്കായ് സമ്പത്തിന്റെ സംരക്ഷണം സാദ്ധ്യമാക്കുന്നതിനും ഈ മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും സാമൂഹിക പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുമായി കല്ലുമ്മക്കായ് വിത്ത് ശേഖരണവും വിപണനവും സംബന്ധിച്ച് സി.എം.എഫ്.ആർ.ഐ (സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) യുടെ സാങ്കേതിക ഉപദേശത്തോടു കൂടി തയ്യാറാക്കിയ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

1. കായലിന്റെ ഉപ്പിന്റെ സാന്ദ്രത കുറവായതിനാൽ കായൽ കൃഷിയ്ക്കനുയോജ്യമായ പച്ചചിപ്പി (Green Mussel – Perna Viridis) യുടെ വിത്തുകൾ മാത്രമേ പ്രകൃതിയിൽ

നിന്നും ശേഖരിക്കുന്നതിനായി പാടുള്ളൂ. എന്നാൽ കടലിൽ കൃഷി ചെയ്യുന്നതിന് Brown ചിപ്പിയുടെ വിത്തുകൾ ശേഖരിക്കാവുന്നതാണ്.

2. കല്ലുമ്മേക്കായ് കൃഷിയ്ക്കായി ശേഖരിക്കുന്ന ചിപ്പി വിത്തിന്റെ വലിപ്പം 15 മില്ലി മീറ്ററിനും 25 മില്ലീ മീറ്ററിനും ഇടയിലായിരിക്കണം. 25 മില്ലീ മീറ്ററിൽ അധികരിച്ച വലിപ്പത്തിലുള്ള കല്ലുമ്മേക്കായ് യാതൊരു കാരണവശാലും ശേഖരിക്കുവാൻ പാടുള്ളതല്ല.

3. എല്ലാവർഷവും ഒക്ടോബർ മാസം മുതൽ ജനുവരി മാസം വരെയുള്ള കാലയളവിൽ മാത്രമേ ചിപ്പിവിത്ത് ശേഖരിക്കുന്നതിനായി അനുമതി ഉണ്ടായിരിക്കുകയുള്ളൂ.

4. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ , കക്ക സഹകരണ സംഘങ്ങൾ ഇതിലേയ്ക്കായി പ്രത്യേക പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളികളുടെ ഗ്രൂപ്പുകൾ എന്നിവർക്ക് മാത്രമേ ചിപ്പി വിത്ത് ശേഖരിക്കുന്നതിനായി അനുമതി ഉണ്ടായിരിക്കുകയുള്ളൂ.

5. ചിപ്പിവിത്ത് ശേഖരണത്തിന് അനുമതിയുള്ള ഏതൊരാൾക്കും ഒരു ദിവസം പരമാവധി 200 കി. ഗ്രാം തൂക്കത്തിലുള്ള ചിപ്പിവിത്ത് മാത്രമേ ശേഖരിക്കുന്നതിനുള്ള അനുമതി ഉണ്ടായിരിക്കുകയുള്ളൂ.

6. പ്രകൃതിയിൽ നിന്നും ശേഖരിക്കുന്ന നിശ്ചിത വലുപ്പമുള്ള കല്ലുമ്മേക്കായ് വിത്തിന്റെ ശേഖരണ സ്ഥലത്തെ വില ആയതിനുവേണ്ടി ഫിഷറീസ് വകുപ്പ് നിശ്ചയിക്കുന്ന കമ്മിറ്റി അതാത് വർഷം നിശ്ചയിക്കുന്നതാണ്.

7. ശേഖരണ സ്ഥലത്ത് നിന്നും കൃഷി സ്ഥലത്ത് എത്തിച്ചു കൊടുക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ആയതിന്റെ ചെലവ് പ്രത്യേകമായി ഈടാക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ചിപ്പിവിത്ത് ശേഖരണസ്ഥലത്ത് നിന്നും കൃഷി നടപ്പിലാക്കുന്നയിടത്തേയ്ക്ക് കടത്തുന്നതിന് ചിപ്പിവിത്ത് ശേഖരിക്കുന്നതിനായി അനുമതി ലഭിച്ചവർക്കും കൃഷിയേർപ്പെടുത്തുന്ന കർഷകർക്കോ, കർഷകരുടെ ഗ്രൂപ്പ് / സഹകരണ സംഘത്തിനോ, അതുമായി ബന്ധപ്പെട്ട മത്സ്യകർഷക ക്ലബുകൾക്കോ മാത്രമേ അനുമതി ഉണ്ടായിരിക്കുകയുള്ളൂ.

8. കല്ലുമ്മേക്കായ് വിത്ത് ശേഖരണവും പരിപാലനവുമായി ബന്ധപ്പെട്ട് സി. എം. എഫ്. ആർ. ഐ തയ്യാറാക്കിയ ഗുണനിലവാരപ്പട്ടികയനുസരിച്ചുള്ള ഗുണമേന്മയുള്ള വിത്തായിരിക്കണം കൃഷിക്കായി നൽകേണ്ടത്.

9. ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടു പോകേണ്ടി വരുമ്പോൾ സി. എം. എഫ്. ആർ. ഐ തയ്യാറാക്കിയിരിക്കുന്ന ഗതാഗത രീതി അവലംബിക്കേണ്ടതാണ്.

10. വ്യവസ്ഥാപിതമായി രജിസ്ട്രേഷനും ലൈസൻസും കരസ്ഥമാക്കിയവർ നടത്തിവരുന്ന

കല്ലുമ്മേക്കായ് കൃഷിയ്ക്കും സർക്കാരിന്റേയോ/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയോ കല്ലുമ്മേക്കായ് കൃഷി വികസന പദ്ധതികളുടെ ആവശ്യത്തിനുമല്ലാതെയുള്ള കാര്യങ്ങൾക്കായി ചിപ്പിവിത്ത് യാതൊരു കാരണവശാലും ശേഖരിക്കുവാൻ പാടുള്ളതല്ല.

11. ഇതിലേയ്ക്കായി പ്രത്യേകം നിയോഗിക്കുന്ന ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ചിപ്പിവിത്ത് ശേഖരണസ്ഥലം പരിശോധിക്കുന്നതിനും ചിപ്പിശേഖരം നടത്തിവരുന്നവരോട് ആയത് സംബന്ധിച്ച രേഖകൾ ആവശ്യപ്പെടുന്നതിനും ചിപ്പിവിത്തുകൾ വായുസങ്കലനസംവിധാനം ഏർപ്പെടുത്തി സൂക്ഷിക്കുന്ന സംവിധാനങ്ങൾ പരിശോധിക്കുന്നതിനും വിത്തുകൾ കടത്തുന്ന വാഹനം പരിശോധിക്കുന്നതിനും, കൃഷിയിടങ്ങളിൽ കടന്ന് പരിശോധന നടത്തുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്

12. മത്സ്യത്തൊഴിലാളി സംഘങ്ങളോ കക്ക സഹകരണസംഘങ്ങളോ പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളോ അവർ ശേഖരിച്ച് വില്പന നടത്തുന്ന ചിപ്പിവിത്തിന്റെ തൂക്കം, വലിപ്പം, വിൽപനയിലൂടെ ലഭിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ 2 വർഷം വരെ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഇത് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന പ്രകാരം ഹാജരാക്കേണ്ടതുമാണ്.

13. കല്ലുമ്മേക്കായ് വിത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് അതാതവസരങ്ങളിൽ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പാലിക്കാൻ വിത്ത് ശേഖരിക്കുന്നവർക്കും വിപണനം ചെയ്യുന്നവർക്കും കൃഷി ചെയ്യുന്നവർക്കും ഉത്തരവാദിത്വമുണ്ടായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആര്.ജ്യോതിലാല്**
**പ്രിന്സിപ്പല് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ